പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2110      17.12.2012 ൽ മറുപടിക്ക്

## തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണസംഘം ഭരണസമിതി

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം ഭരണസമിതിയുടെ കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് ഭരണസമിതി പിരിച്ചുവിട്ടു എന്ന ആക്ഷേപം ശരിയാണോ; | (എ) | സംഘത്തിനെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾ സഹകരണനിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുകയും ക്രമക്കേട് പരിഹരിക്കാൻ അവസരം നൽകുകയും ചെയ്ത ശേഷം പിരിച്ചുവിട്ടിട്ടുള്ളതാണ്. |
| (ബി) | ഈ ഭരണസമിതിയുടെ കാലാവധി എന്നുവരെ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഭരണസമിതിയുടെ കാലാവധി 15.05.2015 ൽ അവസാനിക്കേണ്ടതാണ്. |
| (സി) | നിലവിലുണ്ടായിരുന്ന ഭരണസമിതി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടതായിരുന്നുവോ; | (സി) | അതെ |
| (ഡി) | സംഘത്തിനെതിരെ എന്തെങ്കിലും ആക്ഷേപങ്ങൾ ലഭിച്ചിരുന്നുവോ; | (ഡി) | അഴിമതി, ധൂർത്ത്, ദുർഭരണം എന്നിവ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. |
| (ഇ) | എങ്കിൽ പ്രസ്തുത ആക്ഷേപങ്ങൾ സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിരുന്നുവോ; | (ഇ) | സംഘത്തിനെതിരെയുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് കേരള സഹകരണനിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുകയും അതിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സംഘം ഭരണസമിതിയ്ക്ക് അവസരവും നൽകിയിരുന്നു. |
| (എഫ്) | ഏതെങ്കിലും മറുപടി തൃപ്തികരമല്ലാത്തതായി ഉണ്ടായിരുന്നുവെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ; | (എഫ്) | ന്യൂനതകൾ സംബന്ധിച്ച് സംഘം സമർപ്പിച്ച വിശദീകരണത്തിൽ സംഘം നടത്തിവരുന്ന പ്രതിമാസ നിക്ഷേപം സംബന്ധിച്ചും, ജീവന |

ക്കാരുടെ പെൻഷൻ ഫണ്ട്, പ്രോവിഡന്റ് ഫണ്ട്, സംഘത്തിലെ കമ്പ്യൂട്ടർവൽക്കരണം, സംഘത്തിൽ നിന്നും നൽകിയ സംഭാവനകൾ, പരസ്യങ്ങൾ, വാർഷിക പൊതുയോഗം എന്നിവയിലെ വിശദീകരണം തൃപ്തികരമല്ലായിരുന്നു.

| | | | |
|---|---|---|---|
| (ജി) | സംഘം ഭരണസമിതി പിരിച്ചുവിട്ടതിന്റെ കാരണം വ്യക്തമാക്കുമോ? | (ജി) | സംഘം ഭരണസമിതിയുടെ പ്രവർത്തനം സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാകയാൽ സംഘത്തിന്റെ ഭരണസമിതിയെ കേരള സഹകരണനിയമം വകുപ്പ് 32 (1) പ്രകാരം നീക്കം ചെയ്തു. |

സെക്ഷൻ ഓഫീസർ